## പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 2187 | 16.08. 2017 ൽ മറുപടിക്ക്

# കെ എസ് ഇ ബി ജീവനക്കാരുടെ ശമ്പള ആനുകൂല്യങ്ങൾ

ചോദ്യം

ഡോ.എൻ.ജയരാജ്

ഉത്തരം

ശ്രീ.എം.എം.മണി
(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) കെ എസ് ഇ ബി ജീവനക്കാരുടെ ശമ്പളം കണക്കാക്കുന്നത് മാസ്റ്റർ സ്കെയിൽ അടിസ്ഥാനപ്പെടുത്തിയാണോയെന്ന് വ്യക്തമാക്കാമോ; നിലവിലുള്ള ശമ്പള പരിഷ്കരണ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;<br>(ബി) നിലവിലുള്ള തസ്തികകളും അവയുടെ ശമ്പള സ്കെയിലും അനുവദനീയമായക്ഷാമബത്തയും എത്രയാണ് എന്ന് പട്ടിക തിരിച്ച് കണക്കു വിശദമാക്കാമോ ; | (എ)& (ബി) കെ.എസ്.ഇ.ബി. ലിമിറ്റഡിലെ ജീവനക്കാരുടെ ശമ്പളം മാസ്റ്റർ സ്കെയിലിനെ അടിസ്ഥാനപ്പെടുത്തിയാണ് കണക്കാക്കുന്നത്. നിലവിലുള്ള തസ്തികകളും അവയുടെ ശമ്പള സ്കെയിലും സംബന്ധിച്ച നിലവിലെ ശമ്പളപരിഷ്കരണ ഉത്തരവിന്റെ പകർപ്പ് ഇതോടൊപ്പം അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.<br>അടിസ്ഥാന ശമ്പളത്തിന്റെ 24% ആണ് നിലവിൽ കെ.എസ്.ഇ.ബി. ലിമിറ്റഡിലെ ജീവനക്കാർക്കു ലഭിക്കുന്ന ക്ഷാമബത്ത. ഇതു സംബന്ധിച്ച കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ ഉത്തരവുകളുടെ പകർപ്പ് അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു. |
| (സി) സബ് എഞ്ചിനീയർ തസ്തികയിൽ പ്രവേശിക്കുന്ന ജീവനക്കാരന് തുടക്കത്തിൽ ലഭിക്കുന്ന ശമ്പളം എത്രയാണെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ; | (സി) കെ.എസ്.ഇ.ബി. ലിമിറ്റഡിൽ സബ്എൻജിനീയർ തസ്തികയിൽ ജോലിയിൽ പ്രവേശിക്കുന്ന ജീവനക്കാരന് തുടക്കത്തിൽ അടിസ്ഥാന ശമ്പളമായി ₹28,855/- രൂപയും അതിന്റെ 24% ക്ഷാമബത്തയും ജോലിചെയ്യുന്ന ഓഫീസിന്റെയും സ്ഥലത്തിന്റെയും പ്രത്യേകതകൾക്കനുസരിച്ച് വ്യത്യസ്തങ്ങളായ അലവൻസുകളും ശമ്പളത്തിന്റെ ഭാഗമായി ലഭിക്കും. |
| (ഡി) ഒരേ തസ്തികയിലുള്ള സ്ഥിരം ജീവനക്കാരും കരാർ ജീവനക്കാരും വാങ്ങുന്ന ശമ്പളത്തിന്റെ അന്തരം വ്യക്തമാക്കുമോ; താൽക്കാലിക/കരാർ ജീവനക്കാരെ നിയമിക്കുമ്പോൾ ബോർഡിന് ഉണ്ടാകുന്ന ലാഭം കണക്കാക്കിയിട്ടുണ്ടോ; | (ഡി) കെ.എസ്.ഇ.ബി. ലിമിറ്റഡിൽ ഏതെങ്കിലും പ്രത്യേക സാഹചര്യത്തിൽ സമയബന്ധിതമായി പൂർത്തീകരിച്ച് നൽകേണ്ട ജോലിക്ക് സ്ഥിരം ജീവനക്കാരുടെ കുറവ് അനുഭവപ്പെടുന്ന അവസരങ്ങളിൽ ചില ജോലികൾ പുറം കരാർ ആയി നൽകേണ്ടി വരുമ്പോൾ ബന്ധപ്പെട്ട ഫീൽഡ് ഓഫീസിലെ ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ പ്രസ്തുത ജോലിയുടെ വിശദാംശങ്ങൾ നൽകിക്കൊണ്ടുള്ള ക്വട്ടേഷൻ പുറപ്പെടുവിക്കുകയും ക്വട്ടേഷനിൽ ലഭിക്കുന്ന ഏറ്റവും കുറഞ്ഞ നിരക്കിന് ജോലി കരാർ നൽകുകയുമാണ് ചെയ്തു വരുന്നത്. അതിനാൽ തന്നെ സ്ഥിരം |

(ഇ) സ്ഥിരം ജീവനക്കാർക്കും താൽക്കാലിക/കരാർ ജീവനക്കാർക്കും ശമ്പളത്തിനായും മറ്റ് സാമ്പത്തിക ആനുകൂല്യങ്ങൾക്കായും പ്രതിവർഷം ചെലവാകുന്ന തുക എത്രയെന്ന് വ്യക്തമാക്കുമോ; പ്രസ്തുത ഇനത്തിൽ 2011-12, 2012-13, 2013-14, 2014-15, 2015-16, 2016-17 എന്നീ സാമ്പത്തിക വർഷങ്ങളിൽ ചെലവായ തുക എത്രയെന്ന് സാമ്പത്തിക വർഷാടിസ്ഥാനത്തിൽ ലഭ്യമാക്കുമോ?

ജീവനക്കാരുടെ ശമ്പളവും കരാർ അടിസ്ഥാനത്തിൽ ചെയ്യുന്ന ജോലികൾക്ക് നൽകുന്ന തുകയും തമ്മിൽ താരതമ്യപ്പെടുത്തുന്നതിന് നിർവ്വാഹമില്ല.

(ഇ) 2011-12 മുതൽ 2016-17 വരെ സ്ഥിരം ജീവനക്കാർക്ക് ശമ്പളത്തിനായും മറ്റ് സാമ്പത്തിക ആനുകൂല്യങ്ങൾക്കായും പ്രതിവർഷം ചെലവാക്കിയ തുകകൾ ഓപ്പറേഷൻ പ്രവർത്തനങ്ങൾക്ക് കരാർ ജോലികൾക്ക് ചെലവായ തുകയും ചേർക്കുന്നു.

| ക്രമ നമ്പർ | സാമ്പത്തിക വർഷം | സ്ഥിരം ജീവനക്കരുടെ ശമ്പളം (തുക കോടിയിൽ) | കരാർ ജോലികൾക്ക് ചെലവായ (തുക കോടിയിൽ) (ഓപ്പറേറ്റിംഗ് ചെലവുകൾ) |
|---|---|---|---|
| 1 | 2011 - 12 | *1192.28 | ലഭ്യമല്ല |
| 2 | 2012 - 13 | 1337.67 | 9.61 |
| 3 | 2013 - 14 | 1673.91 | 49.30 |
| 4 | 2014 - 15 | 1929.92 | 60.61 |
| 5 | 2015 - 16 | 2288.31 | 94.44 |
| 6 | 2016 - 17 | 2409.45 | 121.44 |

2011-12 വർഷത്തിൽ ഓപ്പറേഷൻ കരാർ ജോലികളുടെ ചെലവ് പ്രത്യേകമായി കണക്കെടുത്തിരുന്നില്ല.

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്